**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2874** **13-10-2021 - ൽ മറുപടിയ്ക്ക്**

**തിരൂർ മണ്ഡലത്തിലെ ജലജീവൻ മിഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള ജല അതോറിറ്റി തിരൂർ മണ്ഡലത്തിൽ യു.ഡബ്ല്യൂ.എസ്.എസ്. മുഖേന നാല് പാക്കേജുകളായി നടപ്പിലാക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി പൂർത്തിയാക്കുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണമെന്താണ്; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (എ) | 4 പാക്കേജുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. പാക്കേജ് 1. തിരുനാവായ കൊടയ്ക്കൽ ജംഗ്ഷൻ മുതൽ തിരൂർ വാട്ടർ ട്രീറ്റ്മെൻറ് പ്ലാൻറ് വരെയുള്ള പഴയ പ്രിമോ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചു. പാക്കേജ് 2; water treatment പ്ലാൻറിൽ നിന്നും മുത്തൂർ സമ്പിലേക്കും തലക്കടത്തൂർ സമ്പിലേക്കും ഗ്രാവിറ്റി മെയിൻ സ്ഥാപിക്കുന്ന പ്രവൃത്തി. - പ്രസ്തുത പ്രവൃത്തി എഗ്രിമെന്റ് റേറ്റിൽ പൂർത്തിയാക്കാൻ സാധിക്കാത്തതിനാൽ പ്രവൃത്തി തടസ്സപ്പെട്ടിരിക്കുകയാണ്. തിരൂർ കുറ്റിക്കല്ലത്താണി റോഡിൽ 620 മീറ്റർ 400 എം.എം ഡി.ഐ പൈപ്പും ഇൻറർ കണക്ഷൻ പ്രവർത്തിയായി 110 മീറ്റർ പൈപ്പും സ്ഥാപിക്കുന്ന പ്രവർത്തികൾക്ക് തലക്കാട് പഞ്ചായത്തിലെ ജലജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 1460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാക്കേജ് 3; പള്ളിപ്പടി പമ്പ് ഹൗസിൽ പമ്പ് സെറ്റും ട്രാൻസ്ഫോർമറുകളും സ്ഥാപിക്കുന്ന ഇലക്ട്രോ മെക്കാനിക്കൽ പ്രവൃത്തി പൂർത്തീകരിച്ചു. കെ.എസ്.ഇ.ബി കണക്ഷനുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചു വരുന്നു. പാക്കേജ് 4; തിരൂർ മുനിസിപ്പാലിറ്റിയിലെ പഴയ വിതരണ ശൃംഖലകൾ മാറ്റിസ്ഥാപിക്കുന്ന പ്രവൃത്തി 3 തവണ ടെണ്ടർ ചെയ്തെങ്കിലും ആരും പങ്കെടുത്തില്ല. എസ്റ്റിമേറ്റ് പുതുക്കി നിശ്ചയിക്കുന്ന നടപടികൾ പുരോഗമിക്കുന്നു. പദ്ധതിയുടെ അവസാന 3 പാക്കേജുകളും പൂർത്തിയാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി അതവനാട്, തിരുനാവായ പഞ്ചായത്തുകളിലെ ഗ്രാമീണ ഭവനങ്ങളിൽ കുടിവെള്ളമെത്തിക്കുന്ന പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് അറിയിക്കുമോ; | (ബി) | ആതവനാട് പഞ്ചായത്തിലെ 2000 ഗാർഹിക കണക്ഷനുകൾ നല്കുന്നതിനായുള്ള 300 ലക്ഷം രൂപയുടെ ഒന്നാം ഘട്ടം പ്രവൃത്തി പൂർത്തീകരിച്ചു. തിരുനാവായ പഞ്ചായത്തിലെ 2000 ഗാർഹിക കണക്ഷനുകൾ നല്കുന്നതിനായുള്ള 300 ലക്ഷം |

| | | | |
|---|---|---|---|
| | | | രൂപയുടെ ഒന്നാം ഘട്ട പ്രവൃത്തി പൂർത്തീകരിച്ചു. ആതവനാട് പഞ്ചായത്തിലെ 4595 ഗാർഹിക കണക്ഷനുകൾ നല്കുന്നതിനായുള്ള 2100 ലക്ഷം രൂപയുടെ രണ്ടാം ഘട്ട പ്രവൃത്തി ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. തിരുനാവായ പഞ്ചായത്തിലെ രണ്ടു സോണുകളിലായി 6237 ഗാർഹിക കണക്ഷനുകൾ നൽകുന്നതിനായി 2926 ലക്ഷം രൂപയുടെ രണ്ടാംഘട്ട പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ബാക്കി വരുന്ന ആതവനാട് പഞ്ചായത്തിലെ 1902 ഗാർഹിക കണക്ഷനുകളും തിരുനാവായ പഞ്ചായത്തിലെ 2856 ഗാർഹിക കണക്ഷനുകളും നല്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറായിട്ടുണ്ട്. ജല ജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2024 ഓടു കൂടി എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (സി) | ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വളവന്നൂർ, കൽപകഞ്ചേരി എന്നീ പഞ്ചായത്തുകളിൽ കുടിവെള്ള വിതരണ ശൃംഖല ദീർഘിപ്പിച്ച് എല്ലാ ഗ്രാമീണ ഭവനങ്ങളിലും ഗാർഹിക കണക്ഷനുകൾ നൽകി കുടിവെള്ളം ലഭ്യമാക്കുന്ന പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തിയാക്കാനാകുമെന്ന് വ്യക്തമാക്കുമോ; | (സി) | വളവന്നൂർ പഞ്ചായത്തിൽ 7466 (ഭരണാനുമതി- 1043ലക്ഷം രൂപ) ഗാർഹിക കണക്ഷനും കൽപകഞ്ചേരി പഞ്ചായത്തിൽ (ഭരണാനുമതി- 1053.99 ലക്ഷം രൂപ) 7568 ഗാർഹിക കണക്ഷനും നൽകുന്നതിനുള്ള പ്രവർത്തികളുടെ ഭാഗമായി രണ്ടു പഞ്ചായത്തുകളിലും 15 കി മി പൈപ്പ്ലൈൻ വീതം സ്ഥാപിച്ചു. വളവന്നൂർ പഞ്ചായത്തിൽ 2231 ഉം കൽപകഞ്ചേരി പഞ്ചായത്തിൽ 1637 ഉം ഗാർഹിക കണക്ഷനുകൾ നൽകിയിട്ടുണ്ട്. നിലവിലുള്ളതും, പുതുതായി സ്ഥാപിച്ചതുമായ പൈപ്പ് ലൈനുകളിൽ നിന്നുമായി നല്കാൻ കഴിയുന്ന കണക്ഷനുകൾ( വളവന്നൂർ പഞ്ചായത്ത്- 4200, കൽപകഞ്ചേരി പഞ്ചായത്ത്- 4000) 2021 ഡിസംബർ മാസത്തോടെ പൂർത്തിയാക്കാൻ ലക്ഷ്യമിടുന്നു. പൂർണമായും കണക്ഷനുകൾ നൽകുന്നതിന് അധികമായി വളവന്നൂർ പഞ്ചായത്തിൽ 30 കി .മീ ഉം കൽപക ഞ്ചേരി പഞ്ചായത്തിൽ 45 കി. മീ ഉം പൈപ്പ് ലൈൻ കൂടി സ്ഥാപിക്കാനുള്ള എസ്റ്റിമേറ്റും പ്രോജക്ട് റിപ്പോർട്ടും തയ്യാറായി വരുന്നു |
| (ഡി) | കെ.ആർ.ഡബ്ല്യൂ.എസ്.എ. മുഖേന വെട്ടം ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ പ്രവൃത്തി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാനാകുമെന്ന് അറിയിക്കുമോ; | (ഡി) | വെട്ടം ഗ്രാമപഞ്ചായത്തിൽ കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ കേരള ഗ്രാമീണ ശുദ്ധജല വിതരണ ശുചിത്വ പദ്ധതി മുഖേന നടപ്പിലാക്കുന്ന സുസ്ഥിരത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കി വരുന്നു. ടി പദ്ധതികൾ 2022 മാർച്ച് 31 നുള്ളിൽ പൂർത്തിയാക്കാനാകുമെന്ന് പ്രതീക്ഷിക്കുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു |
| (ഇ) | ജലജീവൻ മിഷനിൽ ഉൾപ്പെടുത്തി വെട്ടം, തലക്കാട്, | (ഇ) | ജല ജീവൻ മിഷനിൽ ഉൾപ്പെടുത്തി വെട്ടം തലക്കാട്, |

| | | | |
|---|---|---|---|
| | മംഗലം, പുറത്തൂർ, തൃപ്പങ്ങോട് എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷനുകൾ നൽകുന്നതിനുള്ള സമഗ്രപദ്ധതിക്ക് അംഗീകാരം ലഭ്യമാക്കുന്ന നടപടി ഏത് ഘട്ടത്തിലാണ്; പ്രസ്തുത പദ്ധതിക്ക് ഉടനെ അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | | മംഗലം , പുറത്തൂർ , തൃപ്രങ്ങോട് എന്നീ പഞ്ചായത്തുകളിലെ എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുന്നതിനുള്ള സമഗ്ര പദ്ധതിക്ക് 34,460 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**വെട്ടം ഗ്രാമപഞ്ചായത്ത്**

| ക്രമ നമ്പർ | സ്കീമിന്റെ പേര് | ഗുണഭോക്തൃ കുടുംബങ്ങൾ | ഭരണാനുമതി തുക (ലക്ഷത്തിൽ) | നിലവിലുള്ള സ്ഥിതി |
|---|---|---|---|---|
| 1 | പുളിഞ്ചോട് | 70 | 4.95 | പൂർത്തീകരിച്ചു |
| 2 | വെട്ടം ചീർപ്പ് | 165 | 12.11 | പൂർത്തീകരിച്ചു |
| 3 | തീരദേശ സമിതി | 94 | 13.61 | പൂർത്തീകരിച്ചു |
| 4 | കാന്തൂർ അരുമ്പരുതി | 60 | 7.45 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 5 | തായം പറമ്പ് | 45 | 12.72 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 6 | ആനപ്പടി | 60 | 19.2 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 7 | ഗ്രാമ ബന്ധു | 41 | 5 | പൂർത്തീകരിച്ചു |
| 8 | തേവർ കടപ്പുറം | 45 | 6 | പൂർത്തീകരിച്ചു |
| 9 | മൂത്തേടത്ത് | 17 | 5 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 10 | മുറിവഴിക്കൽ | 45 | 10 | പൂർത്തീകരിച്ചു |
| 11 | നെല്ലിത്തല കൊക്കരണി | 60 | 4 | പൂർത്തീകരിച്ചു |
| 12 | പടിഞ്ഞാറേ വേമന | 34 | 5 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 13 | കുഞ്ഞാലിക്കടവ് | 32 | 9 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 14 | പരിയാരം അയൽക്കൂട്ടം | 60 | 9 | പൂർത്തീകരിച്ചു |
| 15 | പടിയം മങ്ങാട്ടുള്ളി അയൽക്കൂട്ടം | 73 | 15 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 16 | കുറ്റിപറമ്പ് അയൽക്കൂട്ടം | 50 | 11 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
| 17 | താന്നിക്കാറ്റ് | 62 | 6 | നിർമ്മാണം പുരോഗമിച്ചു വരുന്നു |
|  | ആകെ | 887 | 155.04 |  |